നം.എൽ1-65637/89

ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്,
തിരുവനന്തപുരം. , തീയതി 1..7..1992

**സർക്കുലർ നംപർ 20/92**

വിഷയം - വനത്തിനുള്ളിലെ അനധികൃത കഞ്ചാവ് കൃഷി തടയുന്നത് സംബന്ധിച്ച്
സൂചന - ഈ ആഫീസിലെ ഇതേ നംപരിലുള്ള 29.1..90, 14..1..91. എന്നീ തീയതികളിലെ കത്തുകൾ.

കേരളത്തിലെ വനങ്ങളിൽ പ്രത്യേകിച്ചും പശ്ചിമഘട്ടത്തിൽ സ്ഥിതിചെയ്യുന്ന പ്രദേശങ്ങളിൽ നടന്നുവരുന്ന കഞ്ചാവ് കൃഷി തടയുന്നതിനും, അനധികൃതമായ ഈ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കെതിരെ കർശനമായ നടപടികൾ കൈകൊള്ളുന്നതിനും പല തവണ നിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ ഈ കാര്യത്തിൽ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് ഫലപ്രദമായ നടപടികൾ കൈകൊള്ളുന്നതിൽ വീഴ്ചവരുത്തിയിട്ടുള്ളതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. ദേശീയ അന്തർദേശീയ നിലവാരത്തിൽ ഗൗരവതരമായ ചർച്ച നടത്തുന്ന ഈ സാമൂഹ്യ വിപത്തിനെതിരെ കർശനമായ നടപടികൾ എടുക്കുന്നതിൽ യാതൊരുവിധമായ വീഴ്ചകളും അനുവദിക്കുവാൻ നിർവാഹമില്ല. അതിനാൽ ഈ കാര്യത്തിൽ താഴെപറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്..

വനത്തിനുള്ളിൽ പ്രവേശിച്ച് കഞ്ചാവ് കൃഷി നടത്തുന്നവർക്കും, നടത്തിക്കുന്നവർക്കുമെതിരെ നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്ക് സബ്സ്റ്റന്റ് ആക്ട് അനുസരിച്ച് നടപടികൾ കൈക്കൊള്ളുവാൻ പോലീസ്/എക്സൈസ് ഉദ്യോഗസ്ഥൻമാരോട് രേഖാമൂലം ആവശ്യപ്പെടണം.

വനത്തിനുള്ളിലെ കഞ്ചാവ് കൃഷി കണ്ടുപിടിച്ച് ഫോറസ്റ്ററേയോ, റെയിഞ്ചറെയോ വിവരം ധരിപ്പിക്കേണ്ടത് ബീറ്റ് ഗാർഡുകളുടെയോ /ഫോറസ്റ്റ് സ്റ്റേഷന്റെ ചുമതല വഹിക്കുന്ന ഡെപ്യൂട്ടി റെയിഞ്ചറുടെയോ ചുമതലയായിരിക്കുമെന്നും അതിന് വീഴ്ച വരുത്തിയാൽ നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്ററന്റ് ആക്ടിലെ സെക്ഷൻ 25 അനുസരിച്ച് നടപടി എടുക്കുന്നതാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ അറിയിക്കണം.

(ഒപ്പ്)
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ജനറൽ)

എല്ലാ ഫോറസ്റ്റ് കൺസർവേറ്റർമാർക്കും, ഡിവിഷണൽ ഫോറസ്റ്റാഫീസർമാർക്കും അനന്തര നടപടികൾക്കായി അയയ്ക്കുന്നു.

**ഇണ്ടാസ് നം. ജി3 - 11116/91 തീയതി -7-92**

കോപ്പി എല്ലാ ഡിവിഷണൽ ഫോറസ്ററ് ഓഫീസർമാർക്കും , റെയിഞ്ചാഫീസർമാർക്കും, ഫോറസ്റ്റ് സ്റ്റേഷനുകളുടെ ചാർജ്ജ് വഹിക്കുന്ന ഡെപ്യൂട്ടി റെയിഞ്ചർമാർക്കും, ചാർജ്ജ് വഹിക്കുന്ന ഫോറസ്റ്റർമാർക്കും അയക്കുന്നു. ഈ സർക്കുലറിന്റെ ഉള്ളടക്കം എല്ലാ കീഴ്ദ്യോഗസ്ഥൻമാരുടെ സത്വര ശ്രദ്ധയിൽ കൊണ്ടുവരണമെന്നും അതിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും നിർദ്ദേശിക്കുന്നു.

(ഒപ്പ്)
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
തൃശ്ശൂർ

അംഗീകാരത്തോടെ
സൂപ്രണ്ട്

ജി.23/7 (100 കോപ്പി )